സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ സംബന്ധിച്ച് ജപ്തി നടപടികൾ

*7 [247] ശ്രീ. വി. ഡി. സതീശൻ:
,, കെ. എ. ചന്ദ്രൻ:
,, എം. എ. ചന്ദ്രശേഖരൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത എന്തു തുകയ്ക്കുള്ള വായ്പകൾക്കാണ് ജപ്തി നടപടികൾ ആരംഭിച്ചിട്ടുള്ളത്;

(ബി) ജപ്തി നടപടികൾ ആരംഭിച്ചിട്ടുള്ള വായ്പകളെ സംബന്ധിക്കുന്നിടത്തോളം അവ അടച്ച് തീർക്കാമെന്ന് വായ്പക്കാരനും ജാമ്യക്കാരും സമ്മതിക്കുന്ന കേസുകളിൽ ജപ്തി നടപടികൾ സാവധാനത്തിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(സി) ഇല്ലാത്തപക്ഷം വായ്പ തിരിച്ചടയ്ക്കാമെന്ന് സമ്മതിക്കുന്നവരെ സംബന്ധിച്ച ജപ്തി നടപടികൾ തൽക്കാലത്തേക്ക് നിർത്തി വയ്ക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തു കുടിശ്ശിക വരുത്തിയ 558,92,30,323 രൂപയ്ക്കുള്ള വായ്പകൾക്കാണ് ജപ്തി നടപടികൾ ആരംഭിച്ചിട്ടുള്ളത്.

(ബി) കേരള സഹകരണ നിയമത്തിൽ ജപ്തി നടപടി തുടങ്ങിയാൽ തുക അടയ്ക്കാതെ നടപടി മാറ്റിവയ്ക്കാൻ വ്യവസ്ഥയില്ല. എന്നാൽ കേരള സർക്കാരിന്റെ ഒറ്റത്തവണ തീർപ്പാക്കാൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ സമർപ്പിച്ച് 10% തുക അടയ്ക്കുന്നവർക്ക് 10 തവണയായി അടയ്ക്കാൻ സാവകാശം അനുവദിക്കുന്നുണ്ട്.

(സി) വായ്പ തിരിച്ചടയ്ക്കാമെന്ന് സമ്മതിക്കുന്നവരെ സംബന്ധിച്ച ജപ്തി നടപടികൾ തൽക്കാലത്തേയ്ക്ക് നിർത്തിവയ്ക്കാൻ സഹകരണ നിയമത്തിൽ വ്യവസ്ഥയില്ല.

സഹകരണ ബാങ്കുകൾ എടുത്തിട്ടുള്ള ഇൻഷ്വറൻസുകൾ

*8 [248] ശ്രീ. പി. ജെ. ജോയി:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള സഹകരണ ബാങ്കുകൾ ഡെപ്പോസിറ്റ് സുരക്ഷിതത്വത്തിന് വേണ്ടി ഇൻഷർ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മറ്റെന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി സംസ്ഥാനത്തുള്ള സഹകരണ ബാങ്കുകൾ ഇൻഷ്വറൻസ് എടുത്തിട്ടുണ്ട്;

(സി) പ്രതിവർഷം സംസ്ഥാനത്തുള്ള സഹകരണ ബാങ്കുകൾ എന്തു തുക ഇൻഷ്വറൻസ് പ്രീമിയം നൽകുന്നുണ്ട്;

(ഡി) സർക്കാർ നിയന്ത്രണത്തിലുള്ള സഹകരണ ഇൻഷ്വറൻസ് സംഘത്തിൽ നിന്നും മുകളിൽപ്പറഞ്ഞ കാര്യങ്ങൾക്കുവേണ്ടി സഹകരണ ബാങ്കുകൾ ഇൻഷ്വറൻസ് എടുത്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ സഹകരണ ഇൻഷ്വറൻസ് സംഘത്തിന് പ്രതിവർഷം ഈ ഇനത്തിൽ എന്ത് തുക പ്രീമിയമായി കിട്ടാനുണ്ട്?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്.

(ബി) ചുവടെ പറയുന്ന കാര്യങ്ങൾക്ക് വേണ്ടി സംസ്ഥാനത്തുള്ള സഹകരണ ബാങ്കുകൾ ഇൻഷ്വൻസ് എടുക്കുന്നുണ്ട്:

(1) ക്യാഷ്, ക്യാഷ് ഇൻ ട്രാൻസിറ്റ്, സ്വർണ്ണ ഉരുപ്പടികൾ, സ്ട്രോങ്റൂം തുടങ്ങിയവയുടെ മോഷണം, കവർച്ച എന്നിവയിൽ നിന്നുള്ള സംരക്ഷണത്തിനായി;

(2) തീ പിടുത്തം, പ്രകൃതിക്ഷോഭം എന്നിവയ്ക്കെതിരെ;

(3) സഹകരണ സ്ഥാപനങ്ങളുടെ കെട്ടിടം, ഫർണിച്ചറുകൾ, വാഹനങ്ങൾ, മറ്റ് ഫിറ്റിംഗ്സുകൾ, ഇലക്ട്രിക്/ഇലക്ട്രോണിക് ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, മെഷ്യനറികൾ തുടങ്ങിയ ചലിക്കുന്നതും ചലിക്കാത്തതുമായ ആസ്തികളുടെ സംരക്ഷണത്തിനായി;

(4) വ്യാപാര ആവശ്യത്തിനുള്ള ചരക്കുകളുടെ സംരക്ഷണത്തിനായി.

(സി) 710.77 ലക്ഷം രൂപ.

(ഡി) ഉണ്ട്.

(ഇ) 2003-2004 ഒന്നാം അർദ്ധവർഷത്തിന് ശേഷം ഇൻഷ്വറൻസ് ഇടപാടുകൾ നടത്തി തുടങ്ങിയ സഹകരണ ഇൻഷ്വറൻസ് സംഘത്തിന് ഈ ഇനത്തിൽ പ്രീമിയമായി തുക കിട്ടാനില്ല.

LIBRARY ARCHIVES Kerala Legislative Assembly